പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 64 — 30.06.2016-ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.മുഹമ്മദ് മുഹസിൻ | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അന്യസംസ്ഥാന തൊഴിലാളികളുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) കൃത്യമായ കണക്ക് ലഭ്യമല്ല. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ഏകദേശം 25 ലക്ഷത്തിലധികം ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്തു വരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ ; | (ബി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൌണ്ടേഷൻ കേരള" അന്യസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്നാ-ഘർ പദ്ധതി. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആകെ ചിലവ് പ്രതീക്ഷിക്കുന്നത് 8 കോടി രൂപയാണ്. ഈ പദ്ധതിയുടെ നിർമ്മാണം 2016 ഒക്ടോബറോടുകൂടി പൂർത്തിയാക്കാൻ കഴിയും. 768 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിത്. ഈ മാതൃകയിൽ തിരുവനന്തപുരം/ എറണാകുളം/ കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. |

| | | |
|---|---|---|
| (സി) | ലേബർ ക്യാമ്പുകളുടെ നിർമ്മാണത്തിനായി 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപ വീതം വകയിരുത്തിയെന്നും ഈ തുക ചെലവഴിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ ; | (സി) 2013-2014-ൽ ഈ പദ്ധതിക്ക് വേണ്ടി 2.5 കോടി രൂപ ലഭിച്ചു. 2014-2015-ൽ തുക അനുവദിച്ചിട്ടില്ല. എന്നാൽ 2015-2016-ൽ ഈ പദ്ധതിക്ക് വേണ്ടി 4 കോടി രൂപ ലഭിച്ചു. അപ്നഘർ പദ്ധതിക്ക് നാളിതുവരെ 3 കോടി രൂപയോളം ചിലവഴിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ; ഏതെല്ലാം രീതിയിലാണ് ഇവരുടെ രജിസ്ട്രേഷൻ നടത്തി വരുന്നതെന്ന് വിശദമാക്കാമോ ? | (ഡി) ഇല്ല. കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ക്ഷേമ പ്രവർത്തനവും നടപ്പിലാക്കുന്നതിന വേണ്ടി കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ 2010 മാർച്ച് മുതൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി നടപ്പിലാക്കി വരുന്നു. 'ടി' പദ്ധതിയിൽ 30.04.2016 വരെ 53,136 തൊഴിലാളികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരുടെ രജിസ്ട്രേഷൻ ഉറപ്പു വരുത്തുന്നതിനും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും ലക്ഷ്യമിട്ട് സമഗ്രമായ ഒരു പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

(signature)

സെക്ഷൻ ഓഫീസർ